"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരവേ അന്തരിച്ച പ്രസാദ് കുമാർ.സി.വി.യുടെ മകൻ ശ്രീ. അമൽദേവ് പി.ആർ ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.14/2024/F&WLD    തീയതി,തിരുവനന്തപുരം, 22-03-2024.

പരാമർശം:-
1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ. അമൽദേവ് പി.ആർ, കാർത്തിക, താന്നിമൂട് പിഒ, ബാലരാമപുരം, തിരുവനന്തപുരം-695123 സമർപ്പിച്ച 18.01.2023 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.05.2023, 11.03.2024 തീയതികളിലെ ഇ6/1724/2023 നമ്പർ കത്തുകൾ.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.11.2023 ലെ DCTVM/6108/2023-S6 നമ്പർ കത്തും അനുബന്ധരേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരവേ 30.08.2022 ൽ അന്തരിച്ച പ്രസാദ് കുമാർ.സി.വി.യുടെ മകൻ ശ്രീ. അമൽദേവ് പി.ആർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) ലെ 03.05.2023 ലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. നെയ്യാറ്റിൻകര തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ ഭാര്യ ശ്രീമതി. റീനാരാജൻ എൻ.വി, മകൻ അമൽദേവ് പി.ആർ, മകൾ അമിത.ആർ.പ്രസാദ്, മാതാവ് ശ്രീമതി.ചെല്ലമ്മ.എ എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് അനുകൂല മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകന്റെ

ജനനത്തീയതി 13.05.2003 ആണ്. അപേക്ഷകന് 20 വയസ്സ് പൂർത്തിയായിട്ടുള്ളതും എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി എന്നീ പരീക്ഷകൾ പാസ്സായിട്ടുള്ളതുമാണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 36,000/-രൂപയാണെന്ന് കോട്ടുകാൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. തിരുവനന്തപുരം ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ /ക്ലർക്ക് തസ്തികയിലേയ്ക്കാണ് ശ്രീ. അമൽദേവ്.പി.ആർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾ പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള ശാരീരിക യോഗ്യതയും കായികക്ഷമത പരീക്ഷയും നടത്തിയെങ്കിലും ടിയാൻ പാസ്സായിട്ടില്ലെന്നും ആയതിനാൽ ടിയാനെ ക്ലർക്ക് തസ്തികയിലേയ്ക്ക് പരിഗണിക്കാവുന്നതാണെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) ലെ 11.03.2024 ലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരവേ 30.08.2022 ൽ അന്തരിച്ച പ്രസാദ് കുമാർ.സി.വി.യുടെ മകൻ ശ്രീ. അമൽദേവ് പി.ആർ ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോരിറ്റി സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായി, വനം വന്യജീവി വകുപ്പിൽ, തിരുവനന്തപുരം ജില്ലയിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം). തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. അമൽദേവ് പി.ആർ, കാർത്തിക, താന്നിമൂട് പി.ഒ, ബാലരാമപുരം, തിരുവനന്തപുരം-695 123. (രജിസ്റ്റേർഡ് തപാൽ/മടക്കരസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.

(കൈ) നം.14/2024/F&WLD

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 22-03-2024 15:28:42